**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 425** **23-07-2021 - ൽ മറുപടിയ്ക്ക്**

**കൃഷിഭൂമിയിലെ മരം മുറിച്ച കർഷകർക്കെതിരായ കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 1964-ലെ ലാന്റ് അസൈൻമെന്റ് നിയമമനുസരിച്ച് പട്ടയം ലഭിച്ചിട്ടുള്ള കൃഷിഭൂമിയിലെ മരങ്ങൾ മുറിച്ച് മാറ്റിയതുമായി ബന്ധപ്പെട്ട് കോതമംഗലം മണ്ഡലത്തിലെ കൃഷിക്കാർക്കെതിരെ കേസ് എടുക്കുവാനുള്ള ശ്രമം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 1964 ലെ ലാൻഡ് അസൈൻമെന്റ് നിയമമനുസരിച്ച് പട്ടയം ലഭിച്ചിട്ടുള്ള കൃഷിഭൂമിയിലെ മരങ്ങൾ നിയമാനുസൃതം മുറിച്ച് മാറ്റിയതുമായി ബന്ധപ്പെട്ട് കൃഷിക്കാർക്കെതിരെ കേസ് എടുക്കുവാൻ ശ്രമിച്ചിട്ടില്ല. എന്നാൽ റവന്യൂ വകുപ്പിന്റെ 24.10.2020 -ലെ 261/2020/റവന്യൂ നമ്പർ സർക്കാർ ഉത്തരവിനെ ദുർവ്യാഖ്യാനം ചെയ്ത് സർക്കാരിൽ നിക്ഷിപ്തമായ മരങ്ങൾ നിയമവിരുദ്ധമായി മുറിച്ചുമാറ്റിയതുമായി ബന്ധപ്പെട്ട വനനിയമ ലംഘനങ്ങൾക്കാണ് കേസുകൾ നിലവിൽ എടുത്തിട്ടുള്ളത്. |
| (ബി) | ഇത്തരത്തിൽ മരം മുറിച്ച് മാറ്റിയവർക്കെതിരെ നിലവിൽ കേസ് എടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | കോതമംഗലം നിയോജക മണ്ഡലത്തിൽ ഇതുവരെ ലഭ്യമായ കണക്കുകൾ പ്രകാരം 93 ഒ.ആർ കേസുകൾ ബുക്ക് ചെയ്തിട്ടുണ്ട്. ഇവയിൽ 41 കേസുകൾ ഇടുക്കി വന്യജീവി ഡിവിഷന്റെ തട്ടേക്കാട് പക്ഷി സങ്കേതത്തിന്റെ പരിധിയിൽ നിന്നും, 52 കേസ്സുകൾ കോട്ടയം ഹൈറേഞ്ച് സർക്കിളിന്റെ പരിധിയിൽ നിന്നുമാണ് ബുക്ക് ചെയ്തിട്ടുള്ളത്. |
| (സി) | കോതമംഗലം മണ്ഡലത്തിൽ തട്ടേക്കാട് റേഞ്ചിലും കുട്ടമ്പുഴ റേഞ്ചിലും റവന്യൂ- വനം വകുപ്പുകളുടെ അനുമതിയോടെ കട്ടിങ്ങ് പാസ്സ് ലഭിച്ച ശേഷം മരം മുറിച്ച് മാറ്റിയ കർഷകർക്കെതിരെ കുറ്റി മഹസർ തയ്യാറാക്കി കേസ് എടുക്കുവാനുള്ള നീക്കം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഇടുക്കി വന്യജീവി ഡിവിഷനിലെ തട്ടേക്കാട് റേഞ്ചിൽ തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ അനുമതി പ്രകാരം പട്ടയഭൂമിയിൽ നിന്നും സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കിയിട്ടുള്ള മരങ്ങൾ മുറിച്ച് കടത്തിക്കൊണ്ടുപോയ പട്ടയ കൈവശഭൂമി ഉടമസ്ഥർക്കെതിരെയാണ് 41 കേസുകൾ ബുക്ക് ചെയ്തിട്ടുള്ളത്. കുട്ടമ്പുഴ റെയിഞ്ചിൽ ഇപ്രകാരമുള്ള മരംമുറി ഉണ്ടായിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | ഇത്തരത്തിൽ കേസ് എടുക്കുന്നത് ഒഴിവാക്കി കർഷകരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | നിലവിലുള്ള വനനിയമങ്ങളുടെ ലംഘനത്തിനാണ് കേസുകൾ എടുത്തിട്ടുള്ളത്. ആയതിൽ നിയമാനുസൃതമായി മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ